കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

6(*276) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) കർഷകത്തൊഴിലാളി നിയമം സർക്കാർ ഭേദഗതി ചെയ്തതിന്റെ ഫലമായി കർഷകത്തൊഴിലാളി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ക്ഷേമ ആനുകൂല്യങ്ങളിലെ കുടിശ്ശിക തീർക്കുന്നതിന് സർക്കാർ സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ എത്ര കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകി വരുന്നു ; ഈ സർക്കാർ വന്നശേഷം പെൻഷൻ ഇനത്തിൽ മൊത്തം എത്ര കോടി രൂപ അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കർഷക തൊഴിലാളി പെൻഷൻ 24 മാസം കുടിശ്ശികയുണ്ടായിരുന്നു. ടി കുശ്ശിക 2006-2007-ൽ കൊടുത്തു തീർത്തു. തുടർന്ന് പെൻഷൻ വിതരണം കുടിശ്ശികയില്ലാതെ നടന്നുവരുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ കർഷക തൊഴിലാളി പെൻഷൻ നൽകുന്നതിനു വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 211,48,11,000-രൂപ വിനിയോഗിച്ച് മാർച്ച് 2011 വരെയുള്ള പെൻഷൻ നൽകുന്നതിനുള്ള തുക ജില്ലാ ലേബർ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. കർഷക തൊഴിലാളി പെൻഷൻ 1-4-2006 മുതൽ 120 രൂപയും 1-4-2007 മുതൽ 130 രൂപയും 1-4-2008 മുതൽ 200-രൂപയും 1-4-2009 മുതൽ 250 രൂപയും 1-4-2010 മുതൽ 300 രൂപയുമായി വർദ്ധിപ്പിച്ച് നൽകി. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അതിവർഷാനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് സർക്കാർ ധനസഹായമായി 114.9 കോടി രൂപ ബോർഡിന് അനുവദിച്ചുനൽകി. ഈ തുക വിനിയോഗിച്ച് 2009 ഡിസംബർ മാസം വരെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. ക്ഷേമ പദ്ധതിയിൽ ചുരുങ്ങിയത് 12 മാസത്തെയെങ്കിലും അംഗത്വകാലമുള്ള തൊഴിലാളി മരണമടഞ്ഞാൽ ആശ്രിതർക്ക് മരണാനന്തര സഹായമായി 2000 രൂപ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ട്. ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം അംഗത്വം നഷ്ടപ്പെട്ട അംഗങ്ങൾക്ക് കുടിശ്ശിക അടച്ച് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് 17-2-2011-ലെ സ.ഉ. (സാധാ.) 263/11/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം ആറുമാസത്തെ സമയവും അനുവദിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക സ്രോതസ്സ് വിപുലീകരിക്കുന്നതിനുവേണ്ടി മൂവുടമാ വിഹിതം വർദ്ധിപ്പിക്കുന്നതിനും ഒരു സാമ്പത്തിക വർഷത്തിൽ തൊഴിലാളികളിൽ നിന്നുള്ള അംശദായ തുകയ്ക്ക് തുല്യമായ തുക സർക്കാർ വിഹിതമായി നൽകുന്നതിനുമായി 1974-ലെ കേരള കർഷക തൊഴിലാളി ആക്ട് ഭേദഗതി ചെയ്തു. മൂവുടമാവിഹിതം ½ ഹെക്ടർ മുതൽ 1 ഹെക്ടർ വരെ 10 രൂപയും 1 ഹെക്ടറിനു മുകളിൽ 15 രൂപയും ആയിരുന്നത് 40 ആറിന് മുകളിൽ ഓരോ ആറിനും 25 പൈസ എന്ന നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ക്ഷേമനിധിയിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് 2001 മുതൽ വിതരണം ചെയ്യാൻ കുടിശ്ശികയായിരുന്ന അതിവർഷാനുകൂല്യം നൽകുന്നതിനുവേണ്ടി 2009-2010, 2010-11 വർഷങ്ങളിലായി 114.9 കോടി രൂപ ബോർഡിന് ഗ്രാന്റായി അനുവദിച്ചു. ഈ തുക വിനിയോഗിച്ച് 2009 ഡിസംബർ 31 വരെയുള്ള അപേക്ഷകളിൽ അതിവർഷാനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ 5,43,144 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകുന്നുണ്ട്. ഈ സർക്കാർ കർഷക തൊഴിലാളി പെൻഷൻ നൽകുന്നിതിനു വേണ്ടി മൊത്തം 840,39,60,992 (എണ്ണൂറ്റി നാൽപതുകോടി മുപ്പത്തിയൊമ്പതു ലക്ഷത്തി അറുപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി രണ്ടു രൂപ) അനുവദിച്ചിട്ടുണ്ട്.

കാർഷിക മേഖലയിലെ അമിത രാസവസ്തു പ്രയോഗം

7(*277) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക രംഗത്തെ അമിതമായ രാസവസ്തു പ്രയോഗം കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന കർഷകരേയും കൃഷിഭൂമിയേയും എത്രത്തോളം ദോഷകരമായി ബാധിക്കുന്നുവെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) മണ്ണിനേയും മനുഷ്യനേയും വിഷലിപ്തമാക്കിക്കൊണ്ടിരിക്കുന്ന രാസ കൃഷി രീതികളിൽ നിന്ന് കർഷകസമൂഹത്തെ സ്വതന്ത്രമാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കാൻ കഴിഞ്ഞിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) കൃഷിയിൽ നിന്ന് രാസവസ്തുക്കളെ പൂർണ്ണമായി ഒഴിവാക്കുന്ന ജൈവ കൃഷി രീതി പ്രചരിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് എത്രത്തോളം വിജയിക്കാൻ സാധിച്ചു; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly